കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താന്ന്യം ഗ്രാമപഞ്ചായത്ത്
# 2016-2017
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി2)1404/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ-0487 2331249
ഇ.മെയിൽ-dotsr.ksad@kerala.gov.in
തീയതി: 14.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താന്ന്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താന്ന്യം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ് ആർ(പി2)1404/2017 തിയതി:14.09.2017

<u>തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 18.08.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2016-17 സാമ്പത്തിക

വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 10 എണ്ണം നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.8.17 മുതൽ 25.8.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റഫി ജോൺ<br><br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവദാസൻ .എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽകുമാർ കെ.സി,<br><br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി നിജു സി എസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.സി.പി.ജോസ് | 01.04.2016മുതൽ |

| | | |
|---|---|---|
| | | 31.03.2017വരെ |
| സെക്രട്ടറി | ശ്രീ. ബെന്നി ഡേവിസ്. | 01.04.2016മുതൽ 31.03.2017 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |
| തസ്തിക | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രഘു. വി.ബി. | 01.04.2016മുതൽ 30.12.2016 വരെ |
| | ശ്രീമതി ബിന്ദു ഐ എസ് | 31.12.2016മുതൽ 31.03.2017 വരെ |
| കൃഷിഓഫീസർ | ശ്രീമതി.അനിത.എം.കെ. | 01.04.2016മുതൽ 31.07.2016 വരെ |
| | ശ്രീ വിവൻസി എ ജെ | 01.08.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ധന്യ ഭാഗ്യനാഥ് | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി/സി എച്ച് സി | ശ്രീമതി.റജീന | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | ഡോ.സുനന്ദ വി | 01.4.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ജെറി തോമസ് | 01.04.2016 മുതൽ 09.12.2016 വരെ |
| | ഡോ.ചെഞ്ചു മരിയ കുര്യൻ | 10.12.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. ചാഴൂർ സർക്കിൾ | ശ്രീമതി. ജ്യോതി.പി.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രധാനാധ്യാപിക, ജി.എം.എൽ.പി.സ്കൂൾ പെരിങ്ങോട്ടുകര | ലത കെ എം. | 01.04.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ താന്ന്യം സർക്കിൾ | ശ്രീമതി.രശ്മി.പി.എസ്. | 01.04.2016മുതൽ 31.03.2017വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രബീന.ടി.എസ്. | 01.04.2016 മുതൽ 30.11.2016 വരെ |
| | മഞ്ജു ബി | 01.12.2016മുതൽ 31.03.2017 വരെ |
| ഐ.സി. ഡി.എസ്. സൂപ്പർവൈസർ | ജിജി ജോർജ്ജ് | 1.04.2016മുതൽ 31.03.2017വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്- പരിഹാരനടപടികളുടെ ആവശ്യം | 1-12 |
| ഭാഗം 2 | | |
| 13 | സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ അപാകതകൾ-പരിഹാര നടപടികൾ സ്വീകരിക്കണം. | 2-1 |
| 14 | ബിൽഡിംഗ് പെർമിറ്റ്- അനുബന്ധ രജിസ്റ്ററുകളുടെ | 2-2 |

| | | |
|---|---|---|
| | പരിപാലനം-അപാകതകൾ | |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് ,ഡി ആന്റ് ഒ,ട്രേഡേഴ്സ് തൊഴിൽ നികുതി എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകളുടെ അപാകതകൾ | 2-3 |
| 16 | ലൈവ് സ്റ്റോക്ക് ചട്ട പ്രകാരമല്ലാതെ ഫാം നടത്തുന്നു | 2-4 |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 2-5 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ അപാകതകൾ | 2-6 |
| 19 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-7 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവ് ഈടാക്കി | 2-8 |
| ഭാഗം-3 | | |
| 21 | കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പഞ്ചായത്തിലേക്ക് മുതൽകൂട്ടേണ്ടതാണ് | 3-1 |
| 22 | KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-2 |
| 23 | ശുചിത്വ കക്കൂസ് നിർമ്മാണം | 3-3 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി | 3-4 |
| 25 | പൊതുടാപ്പ്-സംയുക്ത പരിശോധനടത്താൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-5 |
| 26 | ആയുർവേദം-പദ്ധതി-മരുന്ന്പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-6 |
| 27 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി | 3-7 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ് | |
| 28 | കല്ലങ്കരമാട് കുടിവെള്ള പദ്ധതി - കേരള വാട്ടർ അതോറിറ്റിക്ക് ഏൽപ്പിച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 29 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കി | 3-9 |
| 30 | പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷൻ - അപാകതകൾ | 3-10 |
| ഭാഗം 4 | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സർട്ടിഫിക്കേറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 14.03.2016 തിയ്യതിയിലെ 26/16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 68327652.15/- രൂപയും പ്രതീക്ഷിത ചെലവ് 64964866/- രൂപയുമാണ്. 28.03.2017 തിയ്യതിയിലെ 42(1)/17-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. ആയത് പ്രകാരം വരവ് 96958882.15/- രൂപയും ചെലവ് = 83183896/- രൂപയും ആണ്.

*ഇലക്ഷൻ പെരുമാറ്റചട്ടം പ്രഖ്യാപിച്ചതിനാൽ 2015-16 വർഷത്തെ ബജറ്റ് തുടരാൻ തീരുമാനിച്ചു

# 1-2 വാർഷികധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 25.7.17 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 24.8.17 |

2016-17 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1)ആസ്തി രജിസ്റ്റർ തേയ്മാനവിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തി, ബാധ്യതവിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2)ബജറ്റ് ഫങ്ഷൻ, ഫങ്ഷണറി അടിസ്ഥാനത്തിലല്ല
3)സാംഖ്യ, സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.
4)ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്റർ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

5)ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 898625 രൂപ അഡ്മിനിസ്ട്രേഷൻ ചാർജ് ഇനത്തിൽ രണ്ടുതവണ വാർഷികകണക്കിൽ ഉൾപ്പെട്ടിരിക്കുന്നു.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 15313876.00 |
| വരവ് | 52238188.00 |
| ആകെ | 67552064.00 |
| ചെലവ് | 46621367.00 |
| നീക്കിബാക്കി | 20930697.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11157246 | 11157246 | 9629353 | 1527893 | 86.3 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8765178 | 8765178 | 7593487 | 1171691 | 86.63 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 0 | 2241 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5115012 | 5115012 | 342652 | 4772360 | 6.7 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3040377 | 3040377 | 1786309 | 1254068 | 58.75 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6257025 | 6257025 | 2342099 | 3914926 | 37.43 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3937537 | 3937537 | 994599 | 2081720 | 25.25 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1010 | 909029 | 910039 | 898625 | 11414 | 98.74 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|

| ലഭിച്ചത് | | ചെലവ് | നടപ്പാക്കിയത് | | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 128 | 79 | 26120804 | 43 | 6 | 61 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 83.18 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4152339 | 8193395 | 4041056 | 97.3% |
| നികുതിയേതര വരവുകൾ | 360394 | 481020 | 120626 | 33.47% |
| മറ്റുവരവുകൾ | 368871 | 268019 | 100852 | -27.34% |
| ആകെ | 4881604 | 8942434 | 4262534 | 83.18% |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 264480 | 142 |
| കർഷകതൊഴിലാളി പെൻഷൻ | 6504460 | 643 |
| വിധവാപെൻഷൻ | 14861830 | 1153 |
| വാർദ്ധക്യകാലപെൻഷൻ | 24686215 | 2042 |
| വികലാംഗപെൻഷൻ | 2777605 | 276 |
| അവിവാഹിത പെൻഷൻ | 1636900 | 138 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-8-2017ൽ 3.30pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66110/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വരവിനങ്ങളുടെ രജിസ്റ്ററുകളുടെ പരിപാലന അപാകതകൾ 2-2,2-3,2-5,2-6 ഖണ്ഡികകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്

മറ്റു വിവരങ്ങൾ

- വിനോദ നികുതിയുമായി ബന്ധപ്പെട്ട് ഡെയിലി കളക്ഷൻ റിപ്പോർട്ട് രജിസ്റ്റർ, ടിക്കറ്റ് സീൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ടിക്കറ്റ് നൽകുമ്പോൾ സാംഖ്യയിൽ അടവാക്കുന്ന തുക, സെസ്സ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ
- 2016-17 വർഷത്തിൽ ലേലം നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നം 8/24.8.17).ലഭ്യമാക്കിയ ലേലം രജിസ്റ്ററിൽ സാംഖ്യ പണമടവ് വിവരം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.ഫയൽ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.
- കുളങ്ങളുടെ ലേലം വരവായി 300/-രൂപയാണ് 'sale from fish farms' RP ഹെഡ് വരവിനത്തിൽ വന്നിട്ടുള്ളത്,11 മത്സ്യ കുളങ്ങളുള്ള പഞ്ചായത്തിൽ കഴിഞ്ഞ വർഷം ഈ ഹെഡ്ഡിൽ 3425/- രൂപ വരവായി വന്നിട്ടുണ്ട്.2016-17 വർഷം മത്സ്യ കുളങ്ങളുടെ ലേലം നടത്തിയിട്ടില്ല.
- ആസ്തി രജിസ്റ്റർ 2016-17 പൂർത്തിയാക്കിയിട്ടില്ല. പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. നിലവിലെ ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.8.2017 | 6/17to7/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-11-2016 | 2006-07 to 2010-11 | 3-11-16 |

## 1-12 ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്- പരിഹാരനടപടികളുടെ ആവശ്യം

എല്ലാ പൗരന്മാരും ഒരു പൊതുവേദിയിൽ സമ്മേളിച്ച് സമൂഹത്തെ സംബന്ധിക്കുന്ന പ്രധാന തീരുമാനങ്ങളെടുക്കുന്ന സമ്പ്രദായമാണ് ജനാധിപത്യത്തിന്റെ ഏറ്റവും നല്ല മാതൃക. അധികാരവികേന്ദ്രീകരണ പ്രക്രിയയിലെ പരമാധികാരസഭയായിട്ടാണ് ഗ്രാമസഭകൾ വിലയിരുത്തപ്പെടുന്നത്. എന്നാൽ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽനിന്നും ഗ്രാമസഭയുടെ പ്രാധാന്യം ശരിയായ തരത്തിൽ ജനങ്ങൾ ഉൾക്കൊണ്ടതായിക്കാണുന്നില്ല. 2016-17 സാമ്പത്തിക വർഷത്തിൽ നടന്ന ഗ്രാമസഭകളിൽ 10 മുതൽ 11 ശതമാനം വരെയാണ് ജനപങ്കാളിത്തം. സംഘാടനത്തിന്റെ കുറവാണോ ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തെ പ്രതികൂലമായി ബാധിക്കുന്നതെന്ന് പരിശോധിക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുകയും വേണം. പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നീ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് എന്ത് പങ്ക് വഹിക്കുവാൻ കഴിയുമെന്ന് ബഹുഭൂരിപക്ഷംപേർക്കും അറിയാത്ത അവസ്ഥ ജനപങ്കാളിത്തത്തോടുകൂടി വികസനപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിലങ്ങുതടിയായ് മാറുന്നു. കേവലം ഒരു സാമ്പത്തികവിനിയോഗപ്രക്രിയ എന്നതിലുപരി പദ്ധതി ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ എന്നിവയിൽ ഊന്നിയുള്ള ചർച്ചകൾ ഗ്രാമസഭകളിൽ ഉയർന്നുവരേണ്ടതുണ്ട്. പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നനിലയിൽനിന്നും പദ്ധതികളുടെ നിർമ്മാതാക്കളായി പൗരസമൂഹം മാറേണ്ടതുണ്ട്. ഇതിനാവശ്യമായ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ ഗ്രാമസഭാ കൺവീനർമാരായ അതാത് വാർഡ് മെംബർമാർ ശ്രദ്ധിക്കേണ്ടതാണ്.

ഉദാഹരണത്തിന്, ലഭ്യമായ ചില ഗ്രാമ സഭാ മിനിറ്റ്സിലെ ജൂലയ് മാസത്തെ ഹാജർ നില താഴെ ചേർക്കുന്നു;

| വാർഡ് നം. | തീയ്യതി | ആകെ അംഗങ്ങൾ | ഹാജരായ അംഗങ്ങളുടെ എണ്ണം | ഹാജർ ശതമാനം. |
|---|---|---|---|---|
| 13 | 10.07.16 | 1305 | 145 | 11.11 |
| 15 | 09.07.16 | 1354 | 145 | 10.71 |
| 14 | 09.07.16 | 1396 | 143 | 10.24 |
| 17 | 09.07.16 | 1380 | 154 | 11.16 |
| 18 | 10.07.16 | 1110 | 114 | 10.27 |
| 16 | 09.07.16 | 1216 | 126 | 10.36 |
| 10 | 10.07.16 | 1339 | 197 | 14.71 |
| 11 | 10.07.16 | 1544 | 155 | 10.04 |
| 12 | 10.07.16 | 1488 | 151 | 10.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ അപാകതകൾ -പരിഹാര നടപടികൾ സ്വീകരിക്കണം

2016-17 വർഷത്തിൽ ഔട്ട് ഡോർ കളക്ഷനുകൾ സെക്ഷൻ ക്ലർക്കിന്റെ പേരിൽ സാംഖ്യയിൽ അടവാക്കുകയും പിന്നീട് സഞ്ചയയിലേക്ക് മാന്വൽ മാപ്പിംഗ് നടത്തുകയും ആണ് ചെയ്തിട്ടുള്ളത്.മാന്വൽ മാപ്പിംഗ് മൂലം ക്ലറിക്കൽ തെറ്റുകളും സഞ്ചയയിൽ ബിൽഡിംഗ് നം ഇല്ലാത്തതിനാൽ മാപ്പിംഗ് നടത്താതിരിക്കുകയും ചെയ്തിട്ടുണ്ട്

ഉദാഹരണമായി

1)12890/23 രശീതു പ്രകാരം 22.9.2016 ന ശങ്കരൻകുട്ടി S/o കുമാരൻ തൈവളപ്പിൽ (വാർഡ് നം I/28)എന്നിവരുടെ പേരിൽ 2016-17 BT 104/-, LC 6/- രൂപ കളക്ട് ചെയ്തു അടവാക്കിയത് (സഞ്ചയയിൽ ഈ വാർഡ്/വീട്ടുനം ൽ വേറൊരു വ്യക്തി ആണുള്ളത്)

റിമാർക്സ്: ഓഡിറ്റ് എൻക്വയറിയെ(എൻക്വയറി നം 9/25.8.17) തുടർന്ന് I/282 കെട്ടിട ഉടമയായ ടി വ്യക്തിയുടെ നികുതികളക്ഷനായി തുക പിഡിഇ മോഡ് വഴി പോസ്റ്റ് ചെയ്തിട്ടുണ്ട്

2)12890/4 രശീതു പ്രകാരം 22.9.2016 ന സുകുമാരൻ S/o മാധവൻ വൈലപ്പിള്ളി (വാർഡ് നം XIV/84)എന്നിവരുടെ പേരിൽ 2016-17 BT 64/-, LC 3/- രൂപ കളക്ട് ചെയ്തു അടവാക്കിയത് (സഞ്ചയയിൽ ഈ വാർഡ്/വീട്ടുനം ൽ വേറൊരു വ്യക്തി ആണുള്ളത്)

റിമാർക്സ്: XVI/251 കെട്ടിട ഉടമയായ ടി വ്യക്തിയുടെ നികുതികളക്ഷനായി പിഡിഇ മോഡ് വഴി പിന്നീട് പോസ്റ്റ് ചെയ്തു.

3)12888/20 രശീതു പ്രകാരം 22.9.2016 ന ബാബുരാജ് ,സുഷമ കാരയിൽ (വാർഡ് നം II/259A)എന്നിവരുടെ പേരിൽ 2016-17 BT 353/-, LC 18/- രൂപ കളക്ട് ചെയ്തു അടവാക്കിയത്(സഞ്ചയയിൽ II/259A വീട്ടുനം ഇല്ല)

റിമാർക്സ്:ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ടി വ്യക്തിയുടെ യഥാർത്ഥ കെട്ടിട ത്തിന്റെ(II/295A) നികുതികളക്ഷനായി തുക പിഡിഇ മോഡ് വഴി പോസ്റ്റ് ചെയ്തിട്ടുണ്ട്

4)12888/60 രശീതു പ്രകാരം 23.9.2016 ന അബ്ദുള്ള റഹിമാൻ കൊളത്തേക്കാട്ട് (വാർഡ് നം II/133)എന്നിവരുടെ പേരിൽ 2016-17 BT 351/-, LC 18/- രൂപ കളക്ട് ചെയ്തു അടവാക്കിയത് (സഞ്ചയയിൽ വാർഡ്/വീട്ടുനം ഇല്ല)

റിമാർക്സ്:ഓഡിറ്റ് എൻക്വയറിയെ തുടർന്ന് നൽകിയ മറുപടിയിൽ ടി വ്യക്തിയുടെ കെട്ടിടം സഞ്ചയയിൽ 'not approved'സ്റ്റാറ്റസിൽ ആണെന്നും approve ചെയ്യാനുള്ള റിക്വസ്റ്റ് സെക്രട്ടറിയുടെ ലോഗിനിൽ നിന്നും കൊടുത്തിട്ടുണ്ടെന്നും അപാകത പരിഹരിക്കാമെന്നും ആണ് വ്യക്തമാക്കിയിട്ടുള്ളത്

അടവാക്കുന്ന തുക സഞ്ചയയിൽ പോസ്റ്റിംഗ്/മാപ്പിംഗ് നടത്തിയപ്പോൾ വ്യത്യാസം വന്നത്

ഉദാ: 12890/6 രശീതു പ്രകാരം 22.9.2016 ന ശിരോമണി ശങ്കരൻ തൈവളപ്പിൽ എന്നിവരുടെ

പേരിൽ 2016-17 BT 180/-, LC 9/- രൂപ കളക്ട് ചെയ്തു അടവാക്കിയത് സഞ്ചയയിൽ കറന്റ് കളക്ഷൻ BT 186/-,ഉം LC 10/- ഉം ആയാണ് വന്നിരിക്കുന്നത്

റിമാർക്സ്:ഓഡിറ്റ് എൻക്വയറിയെ തുടർന്ന് സഞ്ചയയിൽ BT 180/-, LC 9/- രൂപ തന്നെ ആക്കി കറക്ഷൻ പോസ്റ്റിംഗ് നടത്തി

സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ സോഫ്റ്റ് വെയർ അപാകതകൾ

1) സാംഖ്യയിൽ എൻട്രി വരുത്തുന്ന വ്യക്തി വസ്തുനികുതി റമിറ്റ് ചെയ്യുന്ന സമയത്ത് റമിറ്റൻസ് ക്യാൻസൽ ചെയ്യേണ്ടിവരുന്ന അവസരത്തിൽ ഓട്ടോമാറ്റിക് ആയി ഇന്റർഗ്രേഷൻ സംഭവിക്കുന്നതിനാൽ സഞ്ചയയിലേക്ക് ഈ തുക പോസ്റ്റിംഗ് ആകുന്നുണ്ടെങ്കിലും സഞ്ചയയിൽ എൻട്രി ക്യാൻസൽ ആയി പോകുന്നില്ല .ഈ സോഫ്റ്റ് വെയർ അപാകത പരിഹരിക്കേണ്ടതാണ് .

കാരണം എൻട്രി വരുത്തുന്ന വ്യക്തി സഞ്ചയയിൽ പിന്നീട് മാറ്റം വരുത്താത്തുമൂലം സാംഖ്യ സഞ്ചയ ഡി.സി.ബി കണക്കുകൾ പെരുത്തമില്ലാതെ വരുന്നു

മേൽ പ്പറഞ്ഞ അപാകതമൂലവും ക്ലറിക്കലായി സംഭവിക്കുന്ന തെറ്റുകൾ കൊണ്ടും ഗ്രാമപഞ്ചായത്തിലെ സാംഖ്യ സഞ്ചയ ഡി.സി.ബി കണക്കുകൾ പൊരുത്തമില്ല

2)ക്യാമ്പ് കളക്ഷനുകൾ നേരിട്ട് സഞ്ചയയിലേക്ക് ഓൺലൈൻ വഴി അടവാക്കി പിന്നീട് ഇന്ററപ്റ്റഡ് രശീത് ആയി സാംഖ്യയിലേക്ക് പോസ്റ്റിംഗ് ചെയ്യുന്നതാണ് നിലവിൽ മറ്റൊരു രീതി.എന്നാൽ സഞ്ചയയിൽ നിന്ന് സാംഖ്യയിലേക്ക് തിരിച്ച് ഓൺലൈൻ മാപ്പിംഗ് സാധ്യമല്ല. സഞ്ചയയിലേക്ക് ഓൺലൈൻ നേരിട്ട് കേറ്റുന്ന സമയത്ത് സാംഖ്യ കൂടി അപ്ഡേറ്റ് ആകുന്ന വിധത്തിൽ സോഫ്റ്റ് വെയർ പരിഷ്കരണം നടത്തേണ്ടതുണ്ട്

നിലവിൽ മേൽ പ്പറഞ്ഞ അപാകതകൾക്ക് പരിഹാരനടപടികൾ എത്രയും വേഗം പൂർത്തീകരിച്ചാലെ ഇന്റഗ്രേഷൻ പൂർത്തിയാക്കി എന്ന പറയാനാകൂ.പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ഇതിലേക്കായി ക്ഷണിക്കുന്നു.

## 2-2 ബിൽഡിംഗ് പെർമിറ്റ്-അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം-അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെയും അനുബന്ധ രജിസ്റ്ററുകളിലെയും അപാകതകൾ താഴെ ചേർക്കുന്നു

1) പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല

2) കാലാവധി കഴിഞ്ഞ പെർമിറ്റ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല.

3) പെർമിറ്റ് ഇഷ്യൂ ചെയ്ത വിവരം പല അപേക്ഷകളിലും ഫയലിൽ ചേർത്തിട്ടില്ല.

4) കംപ്ലീഷൻ വിവരങ്ങൾ, വീട്ടുനമ്പർ നൽകിയത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല.

5) അൺഓതറൈസ്ഡ് രജിസ്റററിൽ തൻവർഷത്തെ വിവരങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

6)NOC രജിസ്റ്റർ,റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് ,ഡി ആന്റ് ഒ,ട്രേഡേഴ്സ് തൊഴിൽ നികുതി എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകളുടെ അപാകതകൾ

താന്ന്യം പഞ്ചായത്തിനു കീഴിൽ വാണിജ്യാവശ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 334 കെട്ടിടങ്ങൾക്ക് ഡി ആന്റ് ഓ ലൈസൻസ് നൽകിയിട്ടുള്ളതായി ഡി ആന്റ് ഓ രജിസ്റ്റർ പരിശോധനയിൽ കാണുന്നു. എന്നാൽ ഡി സി ബി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി ആന്റ് ഒ രജിസ്റ്ററിലുള്ള സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി വന്നിട്ടില്ല. ആകെ 213 സ്ഥാപനങ്ങളാണ് ട്രേഡേഴ്സ് രജിസ്റ്ററിൽ എഴുതിക്കാണുന്നത്. ചില ഡി ആന്റ് ഓ അപേക്ഷകളോടൊപ്പം ട്രേഡ് വിവരങ്ങൾഎഴുതികാണുന്നില്ല.

ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ എഴുതിയിരിക്കുന്നത് പൂർണ്ണമല്ല. ഡി.സി.ബി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 366 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരങ്ങളാണ് രജിസ്റ്ററിൽ ലഭ്യമാക്കിയിട്ടുള്ളത്

ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമായി തയ്യാറാക്കുകയും അതനുസരിച്ച് ഡി ആന്റ് ഒ ലൈസൻസ് ഫീ, സ്ഥാപന/ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ലൈവ് സ്റ്റോക്ക് ചട്ട പ്രകാരമല്ലാതെ ഫാം നടത്തുന്നു

2016-17 വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് നല്കിയ താഴെ പറയുന്ന ലൈസൻസിക്ക് സർക്കാർ ഉത്തരവ് നമ്പർ 101/2012 ത.സ്വ.ഭ.വ തിയ്യതി 13.4.2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നം-3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഡി ആന്റ് ഒ നം/വാർഡ് നം | പേരു വിവരം | സ്ഥാപനം |
|---|---|---|
| 44, III/214A | ബാബുരാജ് പി.എൻ, അറക്കൽ വീട് | കന്നുകാലി വളർത്തുന്നതിന് |

ഡി ആന്റ് ഒ ഫീ 200/-രൂപ 11603102759/24.2.16 രശീതു പ്രകാരം അടവാക്കിയിട്ടുണ്ട്

ഫോറം 2 ൽ അപേക്ഷ സ്വീകരിക്കേണ്ടതാണ്. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരം മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കേണ്ടതും ലൈസൻസില്ലാതെ ആയവ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

# 2-5 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം3 (6) പ്രകാരം ഫോറം 2 അനുസരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2016-17 വർഷത്തെ ഡി സി ബി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചട്ട പ്രകാരമുള്ള ഫോറത്തിൽ അപേക്ഷകൾ സ്വീകരിക്കേണ്ടതും രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ഭൗതീക പരിശോധനയിൽ കണ്ടെത്തി.
യുസ്റ ലാബോറട്ടറി
മദർ ഹോമിയോ ക്ലിനിക്

അപാകതകൾ പരിഹരിക്കേണ്ടതും രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

# 2-6 -ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ

## അപാകതകൾ

1. സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയോ ഡിമാന്റ് കളക്ഷൻ ബാലൻസ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല
2. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയത് ഭാഗങ്ങളായി എഴുതുന്നു
3. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയവിവരങ്ങൾ ഡെബുക്കിൽ ഉണ്ടെങ്കിലും ഡിസിബി രജിസ്റ്ററിൽ പലതും രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസിബി സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്

# 2-7 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡി സി ബി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കെടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല

1)തൃശ്ശൂർ അർബ്ബൻ കോ-ഓപ്പറേറ്റീവ് സംഘം ഒന്നാം അർദ്ധ വർഷം

2)ഖാദി പെരിങ്ങോട്ടുകര ഒന്നാം അർദ്ധ വർഷം

3)ബ്ളൂഡെൻ ഹൈപ്പർ മാർക്കറ്റ് ഒന്നും രണ്ടും അർദ്ധ വർഷം

4)നിത്യ ഇൻവെസ്റ്റ്മെന്റ് പെരിങ്ങോട്ടുകര ഒന്നും രണ്ടും അർദ്ധ വർഷം

5)മൈനാകം ജനറൽ ഫിനാൻസ്,കിഴക്കുമുറി ഒന്നും രണ്ടും അർദ്ധ വർഷം

6)കുടുംബശ്രീ - കോ-ഓർഡിനേറ്റർ, ഒന്നാം അർദ്ധ വർഷം

7)ദേവരാഗം മൂവീസ്,ഒന്നാം അർദ്ധ വർഷം

8)ദേവസ്ഥാനം കല്യാണമണ്ഡപം,ഒന്നാം അർദ്ധ വർഷം

9)ദേവ മൂവീസ്,ഒന്നാം അർദ്ധ വർഷം

<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്</u>

യൂണിയൻ ബാങ്ക്(ആദ്യ പകുതി)

പെരിങ്ങോട്ടുകര സർവ്വീസ് സഹകരണ ബാങ്ക്(ആദ്യ പകുതി)

മാവേലി സ്റ്റോർ പെരിങ്ങോട്ടുകര(ആദ്യ പകുതി)

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന 60-90 ദിവസ കാലയളവിൽ തൊഴിൽ നികുതി ഡിമാന്റ് ചെയത് അടവാക്കുന്നത് ഉറപ്പു വരുത്തേണ്ടതാണ്

## 2-8 <u>ജീവനക്കാരുടെ തൊഴിൽ നികുതി കുറവ് ഈടാക്കി</u>

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിട്ടുണ്ട്

| ക്രമ നം | പേര് | തസ്തിക | ഈടാക്കിയത് | ഈടാ ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | രജനി.കെ | ലാബ് അസിസ്റ്റന്റ്, താന്ന്യം GHSS | 1000/-(ഒന്നാം പാദത്തിലോ(123720) രണ്ടാം പാദത്തിലോ(122640) ഉൽസവ ബത്ത കൂട്ടിയിട്ടില്ല.) | 1250 | 250 |
| 2 | മേരി.എം.പി | PTC,CHC തൃപ്രയാർ | 750 (123740) രണ്ടാം അർദ്ധവർഷം | 1000 | 250 |
| 3 | ഷീല വി.ജി | അറ്റന്റർ,ആയുർവ്വേദ | 1000(ആദ്യ പകുതി) | 1250 | 250 |

| | | | | | |
|---|---|---|---|---|---|
| | | ഡിസ്പൻസറി | 147594 | | |
| | | | | ആകെ | 750/- |

(ഓഡിറ്റ് എൻക്വയറി നം 8/24.8.17).കുറവ്തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി തനതുഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പഞ്ചായത്തിലേക്ക് മുതൽകൂട്ടേണ്ടതാണ്

സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചതു പ്രകാരം താഴെ ചേർക്കുന്ന ജാമ്യനിക്ഷേപങ്ങൾ കാലാവധി കഴിഞ്ഞിട്ടും പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കാണുന്നു. നിശ്ചിത കാലാവധി കഴിഞ്ഞ് മൂന്നു വർഷം കഴിഞ്ഞിട്ടും തിരികെ വാങ്ങാത്ത പ്രസ്തുത സെക്യൂരിറ്റികൾ നിയമാനുസൃത നടപടിക്രമങ്ങളിലൂടെ സ്ഥാപനത്തിലേക്ക് മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഡോക്യുമെന്റ് നമ്പർ | തുക/ അടവാക്കിയ ആളുടെ പേര് | സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|
| 1 | വന്നേരി മാട് കോളനി റോഡിൽ കൾവർട്ട് | Rt.No. 10/98769 Dt. 16/12/2008 | 2750 വി.എ.ഉണ്ണികൃഷ്ണൻ | 2 |
| 2 | പഞ്ചായത്ത് കിണറുകളുടെ അറ്റകുറ്റപ്പണി | Rt.No. 12/98769 Dt. 16/12/2008 | 1250 വി.എ.ഉണ്ണികൃഷ്ണൻ | 3 |
| 3 | പഞ്ചായത്ത് ഷോപ്പിംഗ് സെന്റർ | Rt.No. 018841 Dt. 01/01/2009 | 4900 വി.എ.മെല്ലി | 9 |
| 4 | കാർത്തിക അംഗൻ വാടി | Rt.No. 018842 Dt. 01/01/2009 | 4900 കെ.എസ്.സനിൽകുമാർ | 9 |
| 5 | ഗവ.എൽ.പി.സ്കൂൾ | 324112 Dt. 01.01.2009 | 8000 | 10 |

| | | | | |
|---|---|---|---|---|
| | | | വി.ഉണ്ണികൃഷ്ണൻ | |
| 6 | വായനശാല റോഡ് | 130363 Dt.21/01/08 | 2500 വി.ഉണ്ണികൃഷ്ണൻ | 10 |
| | | 130362 Dt.21/01/08 | 2500 വി.ഉണ്ണികൃഷ്ണൻ | |
| | | 130443 Dt.26/02/08 | 2500 വി.ഉണ്ണികൃഷ്ണൻ | |
| | | 130449 Dt.26/02/08 | 5000 വി.ഉണ്ണികൃഷ്ണൻ | |
| 7 | അംഗൻവാടി നമ്പർ 49 | 130444 Dt.26/02/08 | 3800 വി.ഉണ്ണികൃഷ്ണൻ | 10 |
| | | 130448 Dt. 26.02.08 | 1200 വി.ഉണ്ണികൃഷ്ണൻ | 10 |

ഓഡിറ്റ് എൻക്വയറി നമ്പർ -7 തീയതി 24.08.2017

# 3-2 KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല.

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി

പ്രൊജക്ട് നമ്പർ 41/2017

അടങ്കൽ 795000

ചെലവ് 595000

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, താന്ന്യം

2016-17 സാമ്പത്തിക വർഷത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയ്ക്കായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 27/3/2017ന് 996817 ഡി ഡി പ്രകാരം 150000 രൂപയും 30-3-2017 ന് 50000 രൂപയും 16-3-2017ന് 145660 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 75000രൂപയും കൂടി ആകെ 420660 രൂപ നല്കിയിട്ടുണ്ട്. നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

സി എച്ച് സിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി.

പ്രൊജക്ട് നമ്പർ 42/2017

അടങ്കൽ 75000

ചെലവ് 75000

ബിൽ നം. 10/2016-17/29-3-2017

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. താന്ന്യം

സി.എച്ച്.സി യിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിയിൽ പ്രൊഫോർമ ഇൻവോയ്സ് പി ആർ എഫ് 3804 തി. 20-3-2017 പ്രകാരം മരുന്നുകൾ ലഭിക്കുന്നതിനു വേണ്ടി 75000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കയിട്ടുണ്ട്. നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ശുചിത്വ കക്കൂസ് നിർമ്മാണം

പദ്ധതി നമ്പർ 61 /2016-17

അടങ്കൽ 292600

ചെലവ് 231000

ബിൽ നം. 5/2016-17/28-2-2017 /30800

ബിൽ നം. 9/2016-17/15-3-2017 /92400

ബിൽ നം. 11/2016-17/24-3-2017 /30800

ബിൽ നം. 13/2016-17/30-3-2017 /30800

ബിൽ നം. 17/2016-17/31-3-2017 /46200

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ, കിഴക്കുമുറി.

താന്ന്യം പഞ്ചായത്തിന്റെ 2016-17 വർഷത്തിൽ നടപ്പിലാക്കിയ ശുചിത്വ കക്കൂസ് നിർമ്മാണം -ജനറൽ പദ്ധതിയിൽ 19 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നത്. 292000 രൂപ വകയിരുത്തിയിട്ടുള്ള പദ്ധതിയിൽ 231000 രൂപ 2016-17 സാമ്പത്തികവർഷത്തിൽ ചെലവഴിച്ചു. 19 ഗുണഭോക്താക്കളിൽ 15 പേർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ കൂടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്ട് നം. S0032/2017

അടങ്കൽ 2500000

ഗുണ.വിഹിതം 1250000

സംസ്ഥാനാവിഷ്കൃതഫണ്ട്.

625000

ബിൽ നം 1/2016-17 തി. 15-2-2017 437500(പ്ലാൻ ഫണ്ട്)

തനത് ഫണ്ട് 187500

കന്നുകുട്ടിപരിപാലന പദ്ധതിയിലെ കിഴപ്പുള്ളിക്കര ക്ഷീരവികസന സമിതിയുടെ കാലിത്തീററ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെപറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ സ്വീകരിക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | പേര് | വിവരം |
|---|---|---|
| 1 | ജോസ്.പി.ടി<br>പള്ളിക്കുന്നത്ത് വീട്<br>ചെമ്മാപ്പള്ളി | കാലിത്തീററ തീരെ സ്വീകരിച്ചിട്ടില്ല. |
| 2 | ലത തോമസ്<br>പള്ളിയിൽ ഹൗസ്<br>പെരിങ്ങോട്ടുകര | കാലിത്തീററ തീരെ സ്വീകരിച്ചിട്ടില്ല. |
| 3 | വിനോദൻ<br>പുഴയ്ക്കലാത്ത് ഹൗസ്<br>പെരിങ്ങോട്ടുകര | മൂന്നുമാസത്തോളമായി കാലിത്തീററ സ്വീകരിച്ചിട്ടില്ല. |
| 4 | ലളിത സുധൻ<br>തെക്കുംവീട്ടിൽ ഹൗസ്<br>പെരിങ്ങോട്ടുകര | മൂന്നുമാസത്തോളമായി കാലിത്തീററ സ്വീകരിച്ചിട്ടില്ല. |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ അന്വേഷണത്തിന് നല്കിയ മറുപടിയിൽ 4 ഗുണഭോക്താക്കളിൽ വിനോദൻ പുഴയ്ക്കലത്ത് എന്നവരുടെ പശുകുട്ടി മരണപ്പെട്ടുകയും മറ്റു ഗുണഭോക്താക്കൾ ദൂരം കൂടുതലും ആരോഗ്യപരമായ ബുദ്ധിമുട്ടുകാരണവും തുടർച്ചയായി മൂന്നുമാസത്തിൽ കൂടുതലായി കാലിതീറ്റ എടുക്കുന്നില്ല എന്നുമാണ് പറഞ്ഞിട്ടുള്ളത്. മൃഗസംരക്ഷണവകുപ്പുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം തുടർച്ചയായി തീറ്റ എടുക്കാതിരിയ്ക്കുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കുകയും പദ്ധതി തീരുന്ന മുറയ്ക്ക് ബാക്കി വരുന്ന പഞ്ചായത്ത് വിഹിതം തിരിച്ച് പഞ്ചായത്തിൽ തന്നെ തിരിച്ചടയ്ക്കുമെന്നും അറിയിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരാത്ത സാഹചര്യത്തിൽ പദ്ധതി തീരുന്ന മുറയ്ക്ക് ബാക്കി വരുന്ന പഞ്ചായത്ത് വിഹിതം തിരിച്ച് പഞ്ചായത്തിൽ തന്നെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-5 പൊതുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഹെൽത്ത് ഡിവിഷന്റെ 2/2017ലെ A5 2633/2006 dt. 8/3/2017ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 370 പൊതുടാപ്പുകളാണ് ഉള്ളത്. 370 ടാപ്പുകൾക്ക് പ്രതിമാസം 163188 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കേരള വാട്ടർ അതോറിറ്റിയുമായി 2011ൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നും 2015-2016, 2016-17 എന്നീ വർഷങ്ങളിൽ സംയുക്ത പരിശോധന നടത്തുന്നതിനായി കത്തു നല്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 ആയുർവേദം-പദ്ധതി- മരുന്ന്പൂർണ്ണമായി ലഭ്യമായിട്ടില്ല

പദ്ധതി നം S0027/2016-17

അടങ്കൽ 425100

ചെലവ് 425100

പ്ലാൻ ഫണ്ട് 146100

തനത് ഫണ്ട് 75000

മറ്റുഫണ്ട് 204000

2016-17 സാമ്പത്തിക വർഷത്തിൽ ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 425100 രൂപ ഔഷധി,ദി ഫാർമസ്യൂട്ടിക്കൽസിന് നല്കിയിട്ടുണ്ട് .അതിൽ 394951 രൂപയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം | തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 3338/16-17 | 23-1-2017 | 262013 | മരുന്ന് ലഭ്യമായിട്ടുണ്ട്. |
| 2 | 90019260 | 22-5-2017 | 95576 | മരുന്ന് ലഭ്യമായിട്ടുണ്ട്. |
| 3 | 90027579 | 27-7-2017 | 37162 | മരുന്ന് ലഭ്യമായിട്ടുണ്ട്. |
| | ആകെ | | 394951 | |

ബാക്കിയുള്ള 30349 രൂപയ്ക്കുള്ള മരുന്ന് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 28 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 21അംഗൻവാടികളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 4 അംഗൻവാടികൾ വാടക കെട്ടിടത്തിലും ഒരു അംഗൻവാടി സ്കൂളിലുമാണ് പ്രവർത്തിക്കുന്നത്. 2അംഗൻവാടികൾ പുറമ്പോക്ക് ഭൂമിയിൽ പഞ്ചായത്ത് നിർമ്മിച്ച് നല്കിയ താൽകാലിക ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. 16-1-2014 ലെ ഗവ. സർക്കുലർ നം. 62671/24/3/02/റവന്യൂ പ്രകാരം റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അംഗൻവാടി കെട്ടിടത്തിനാവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അംഗൻവാടി കെട്ടിടത്തിനായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്. വൈദ്യുതീകരിച്ച 21 അഗൻവാടികളും വാട്ടർകണക്ഷൻ ഉള്ള17 അംഗൻവാടികളുമാണുള്ളത്.ടോയലറ്റുള്ള 21 അംഗൻവാടികൾ ഉണ്ട്. 12 അംഗൻവാടികൾക്ക് ചുറ്റുമതിലുണ്ട്. എല്ലാ അംഗൻവാടികൾക്കും LPG കണക്ഷൻ ലഭ്യമായിട്ടുണ്ട്.

ആവശ്യങ്ങൾ മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 കല്ലുങ്കരമാട് കുടിവെള്ള പദ്ധതി - കേരള വാട്ടർ അതോറിറ്റിക്ക് ഏൽപ്പിച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

12.04.16ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.30/16 പ്രകാരം കല്ലുങ്കരമാട് കുടിവെള്ള പദ്ധതി കിണർനിർമ്മാണം പദ്ധതിക്കായി കേരള ജല അതോറിറ്റിക്ക് നൽകിയ 16,10,000 രൂപ തൽക്കാലം തിരിച്ചടക്കേണ്ടതില്ലെന്നും പദ്ധതി നടത്തിപ്പിന് ആവശ്യമായ തടസ്സങ്ങൾ നീക്കുന്നതിന് കരാറുകാരനും ജല അതോറിറ്റിയും പഞ്ചായത്തും കൂടി സംയുക്തമായി ചർച്ചകൾ നടത്തുന്നതിന് തീരുമാനിച്ചതായി കാണുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) നൽകിയ മറുപടിപ്രകാരം 2011-12 സാമ്പത്തികവർഷത്തിൽ 12,32,000 രൂപയും 2013-14 വർഷത്തിൽ 3,78,000 രൂപയുമടക്കം 16,10,000 രൂപ എസ്.സി.പി. വിഹിതത്തിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കരാർപ്രകാരം 22.02.14 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി ഇതുവരെയായും ആരംഭിച്ചിട്ടില്ല. (കരാർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.) കേരള ജല അതോറിറ്റിയുമായി കരാർ ഏറ്റിരുന്ന വ്യക്തി പ്രവൃത്തി നടത്താത്തതിനാൽ പഞ്ചായത്തിൽനിന്നും നൽകിയ തുക തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റി അധികൃതരുമായി പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചർച്ച

നടത്തിയിട്ടുള്ളതാണ്. 2011-12 കാലയളവിൽ നൽകിയ തുക ഉപയോഗിച്ച് ഇപ്പോൾ പ്രവൃത്തി നടത്താൻ കഴിയില്ലെന്നും തിരികെ നൽകുന്ന തുകക്ക് പലിശ നൽകാൻ സാധിക്കില്ലെന്നും ചർച്ചയിൽ കേരള ജല അതോറിറ്റി അധികൃതർ അറിയിച്ചതായി പറയുന്നു.

എസ്.സി.പി.വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ച ഈ പദ്ധതി ഇതുവരെയും 5 വർഷങ്ങൾക്കുശേഷവും പൂർത്തിയാകാത്തതിനാൽ ഈ വിഷയം ഉചിതമായ വേദികളിൽ അവതരിപ്പിച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 3-9 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കി

2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖപ്രകാരം നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകർ വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടവാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന ഈ പ്രൊജക്ടിലേക്ക് 50 ശതമാനം വിഹിതം ജില്ലാപഞ്ചായത്ത് നൽകേണ്ടതാണ്.

എന്നാൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലി ചെലവ് – വനിത കർഷകർക്ക്(so 139/17), നെൽകൃഷിക്ക് കൂലി ചെലവ്(so 116/17) എന്നീ പദ്ധതികളിൽ മേൽ രണ്ട് സർക്കാർ നിർദ്ദേശങ്ങളും പാലിച്ചതായി ലഭ്യമാക്കിയ ഫയലിൽനിന്നും കാണുന്നില്ല.

പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാനായി എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ നൽകേണ്ടതാണെന്നും കൂടാതെ നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുന്ന പദ്ധതിയിൽ കർഷകർ വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടവാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.5)നൽകിയതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് വേണ്ടത്ര ജാഗ്രത ഉദ്യോഗസ്ഥ-ഭരണ തലത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-10 പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷൻ - അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ 'ഐഎസ്ഒ സർട്ടിഫിക്കേഷൻ' എന്ന പ്രൊജക്റ്റുമായി ബന്ധപ്പെട്ട് താഴെപറയുന്ന ചെലവുകൾ വന്നിട്ടുണ്ട്.

| ട്രഷറിബിൽ / സാംഖ്യ വൗച്ചർ | തുക | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 31/16-17 തീ.30.03.17 (വികസന ഫണ്ട്) | 1,00,000 | സ്റ്റീൽ റാക്കുകൾ വാങ്ങിയതിന് ARTCO-ന് നൽകിയത്. |
| 21601227/29.03.17 | 16,476 | -do- |
| 21601372/31.03.17 | 4,800 | പൗരസർവ്വെ ഫോർമാറ്റുകൾ അച്ചടിച്ചതിന്. |
| 21601380/31.03.17 | 33,833 | ഫയലുകൾ ഒതുക്കിവെച്ചതിന് കുടുംബശ്രീക്ക് നൽകിയത്, കൂടാതെ ജോൺസൺ സ്റ്റോഴ്സിൽ നിന്നും ഓഫീസ് സ്റ്റേഷനറി വാങ്ങിയതിന് നൽകിയത്. |

GO(Rt)No.39/2016/SPD Dt.27.07.2016, GO(Rt)No.09/2017/SPD Dt.14.02.2017 എന്നിവ പ്രകാരം സ്റ്റീൽ ഫർണ്ണിച്ചറുകൾ ARTCO യിൽനിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് അനുവദിക്കുന്നുണ്ടെങ്കിലും സർക്കാർ ഉത്തരവിൽ പറയുന്ന സ്പെസിഫിക്കേഷനിൽ ഉള്ള ഇനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽനിന്നും മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള ഷെൽഫുകൾ സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ളതല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാനുള്ള ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാപഞ്ചായത്ത് | 75000/- | S0041/2017 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 75000 |
| ജില്ലാ പഞ്ചായത്ത് | 200000 | S0029/2017 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | S0041/2017 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | S0029/17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 200000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നവ

ഇല്ല.

## 4-4 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ്. | 278/10/ LSGD dt.27.01.10 | 65,66,013 | 22,26,013 | | - | 22,91,013 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52238188 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46621367 |
| വരവിനങ്ങളിലുള്ള നഷ്ടം | 750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-8 | 750 | - | ശ്രീ ബെന്നി ഡേവീസ് സെക്രട്ടറി, താന്ന്യം ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ ബെന്നി ഡേവിസ് സെക്രട്ടറി | സെക്രട്ടറി താന്ന്യം ഗ്രാമപഞ്ചായത്ത് | വലപ്പാട്ട് കുറ്റിക്കാടൻ വീട്,നെട്ടുപുഴ പി ഒ |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽഎഫ്.ടി.എസ്.1679/ 18.7.11/ 1.10.11 |
| 1981-82 | എൽ.എഫ്.ടി.13-1880/84/ 7.2.85 |
| 1982-83 | എൽ.എഫ്.ടി.13-1317/87/ 12.8.87 |
| 1983-84 | എൽ.എഫ്.ടി.13-923/88/1.7.88 |
| 1984-85 | എൽ.എഫ്.ടി.13-142/89/ 18.9.89 |
| 1985-86 | എൽ.എഫ്.ടി.13-2144/91/ 23.7.93 |
| 1986-87, 1987-88 | എൽ.എഫ്.ടി.13-1236/93/ 23.7.93 |
| 1988-89, 1989-90 | എൽ.എഫ്.ടി.13-1490/93/ 16.2.94 |
| 1990-91 | എൽ.എഫ്.ടി.13-629/96/8.6.96 |
| 1991-92 | എൽ.എഫ്.ടി.13-1491/93/ 15.2.94 |
| 1992-93, 1993-94 | എൽ.എഫ്.ടി.13-718/97/3.1.97 |
| 1996-97 | എൽ.എഫ്.ടി.13-113/563/ 98/7.10.98 |
| 1997-98 | എൽ.എഫ്.ടി.15-28/98/5.6.99 |
| 1998-99 | എൽ.എഫ്.ടി.15-1624/00/ 14.9.00 |
| 1998-99 | എൽ.എഫ്.ടി.15-1785/01/ 3.9.02 |
| 1999-00 | എൽ.എഫ്.ടി.15-1822/01/ 31.10.02 |
| 2000-01 | എൽ.എഫ്.ടി.15-1748/02/ 4.9.03 |
| 2001-02 | എൽ.എഫ്.ടി.15-1734/03/ 9.6.04 |
| 2001-02 | എൽ.എഫ്.ടി.15-239/04/ 13.9.04 |
| 2002-03 | എൽ.എഫ്.ടി.15-352/06/ 12.3.07 |
| 2003-04 | എൽഎഫ്.ടി.11-2614/08/ 25.5.10 |
| 2004-05 | എൽഎഫ്.ടി.11-64/09/ 25.5.10 |
| 2005-06 | എൽഎഫ്.ടി.11-29/10/ 29.1.10 |
| 2006-07 | എൽഎഫ്.ടി.11-30/10/ 29.1.11/ 29.6.11 |
| 2007-08 | എൽഎഫ്.ടി.(പി2)685/12/ 13.6.12 |
| 2008-09 | എൽഎഫ്.ടി.(പി2)686/12/ 13.6.12 |
| 2009-10 | എൽഎഫ്.ടി.(പി2)687/12/ 13.6.12 |
| 2011-12 | എൽഎഫ്.ടി.(പി2)-910/13/ 3.12.13 |
| 2012-13 | എൽ.എഫ്.ടി.പി2-848/2014 |

| | |
|---|---|
| 2013-14<br>2014-15 | കെ.എസ്.എ.ടി.എസ്.ആർ. പി2-370/16dt.29.03.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. പി2-1940/2016dt.14.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി2 )1404/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി:14.09.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P2)1404/2017

Kerala State Audit Department,
District Audit Office,
Thrissur- 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Date:14.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thannyam Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thannyam Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur